**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 1956** **25.03.2013-ൽ മറുപടിക്ക്.**

# തിരൂർ ആസ്ഥാനമായി പോലീസ് സമുച്ചയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) തിരൂർ ആസ്ഥാനമായി വിവിധ പോലീസ് സ്റ്റേഷനുകൾക്ക് ഒരു പോലീസ് സമുച്ചയം നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; | : (എ) തിരൂർ ആസ്ഥാനമായി വിവിധ പോലീസ് സ്റ്റേഷനുകൾക്ക് ഒരു പോലീസ് സമുച്ചയം നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല. സംസ്ഥാന പോലീസ് ചീഫിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) തിരൂരിൽ വിവിധ സ്ഥലങ്ങളിൽ, പരിമിതമായ സൗകര്യത്തിൽ പോലീസ് ആഫീസുകൾ പ്രവർത്തിയ്ക്കുന്നുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;<br><br>(സി) തിരൂരിൽ പോലീസ് വകുപ്പ്, 2013–14-ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും, പരിപാടികളും, എന്തെല്ലാമെന്ന് വിശദമാക്കുമോ? | : (ബി) & (സി)<br><br>13-ാം ധനകാര്യ കമ്മീഷൻ മുഖേന അംഗീകാരം ലഭിച്ച താഴെപ്പറയുന്ന നിർമ്മാണ പ്രവൃത്തികൾ എല്ലാം കൂടി സംയോജിപ്പിച്ചുകൊണ്ട് തിരൂരിൽ ഒരു പോലീസ് കോംപ്ലക്സ് നിർമ്മിക്കുവാൻ തീരുമാനിച്ചിരുന്നു. ആയത് താഴെപ്പറയുന്നു:<br><br>1) കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ മഞ്ചേരിയിൽ നിർമ്മിക്കുവാൻ ഉദ്ദേശിച്ചത് തിരൂരിലേയ്ക്ക് മാറ്റിയത് - 25 ലക്ഷം രൂപ<br><br>2) ടൂറിസ്റ്റ് പ്രൊട്ടക്ഷനും പോലീസ് അസിസ്റ്റൻസ് സെന്ററും - 20 ലക്ഷം രൂപ<br><br>3) എ ടൈപ്പ് ഡോർമിറ്ററി - 100 ലക്ഷം രൂപ<br><br>4) ബി ടൈപ്പ് ഡോർമിറ്ററി - 25 ലക്ഷം രൂപ<br><br>കൂടാതെ സ്റ്റേറ്റ് പോലീസ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയ 1.50 ലക്ഷം രൂപയുടെ ജനമൈത്രി കേന്ദ്രത്തിന്റെ നിർമ്മാണം. |

(മറുപുറം)

ഇവയെല്ലാം കൂടി സംയോജിപ്പിച്ചുകൊണ്ട് ഒരു കെട്ടിടം പഴയ പോലീസ് ക്വാർട്ടേഴ്സുകൾ പൊളിച്ചു മാറ്റിയാൽ മാത്രമേ പണിയുവാൻ സാധിക്കുകയുള്ളൂ. 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഫണ്ട് എത്രയും പെട്ടെന്ന് ഉപയോഗിക്കണമെന്നുള്ളതിനാൽ പഴയ ക്വാർട്ടേഴ്സുകൾ പൊളിച്ചു മാറ്റിയതിനു ശേഷം നിർമ്മാണം തുടങ്ങുവാൻ കാലതാമസം നേരിടുമെന്നതിനാൽ എ, ബി ടൈപ്പ് ഡോർമിറ്ററികൾ രണ്ടും കൂട്ടിച്ചേർത്തുകൊണ്ട് ഒരു കെട്ടിടം നിർമ്മിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടറുകൾ ക്ഷണിച്ച് കരാർ ഉറപ്പിച്ചതിനുശേഷം പണി തുടങ്ങുവാനായി ഫൗണ്ടേഷനുവേണ്ടി കുഴിച്ചപ്പോൾ മണ്ണിന്റെ ഘടന മോശമാണെന്ന് മനസ്സിലാക്കുകയും മണ്ണ് പരിശോധന നടത്തിയശേഷം ആ റിപ്പോർട്ടിലെ നിർദ്ദേശമനുസരിച്ച് RCC Pile Foundation ഉള്ള ഡിസൈൻ തയ്യാറാക്കുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തു. കെട്ടിടം 2013 ഡിസംബർ മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ